"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തിരുവനന്തപുരം ജില്ലയിലെ വെള്ളറട സബ് രജിസ്ട്രാർ ഓഫീസിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന-സബ് രജിസ്ട്രാർ ശ്രീമതി. വിനയചന്ദ്രിക എസ്.വി.യ്ക്കെതിരെയുള്ള അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഔപചാരികാന്വേഷണം നടത്തുന്നതിന് തിരുവനന്തപുരം വിജിലൻസ് ട്രിബ്യൂണലിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

---

**വിജിലൻസ് (എ) വകുപ്പ്**

സ.ഉ.(കൈ) നം.20/2025/VIG തീയതി,തിരുവനന്തപുരം, 22-12-2025

---

പരാമർശം:-

1. വിജിലൻസ് ഡയറക്ടറുടെ 03.09.2024-ലെ ഇ20-(എസ്.സി.5/2024/എസ്.ഐ.യു-II) 10377/2024/DVACB നമ്പർ കത്ത്.
2. 26.03.2025 ലെ വിജി-എ2/380/2024-വിജി നമ്പർ കത്ത്.
3. 24.03.2025 തീയതിയിലെ വിജി-എ2/380/2024-വിജി നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും.
4. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 13.06.2025 ലെ IGR/1621/2024-E9 നമ്പർ കത്ത് മുഖേന ലഭ്യമായ ശ്രീമതി. വിനയചന്ദ്രിക എസ്.വി.യുടെ എതിർവാദ പത്രിക.

**<u>ഉത്തരവ്</u>**

വെള്ളറട സബ് രജിസ്ട്രാർ ഓഫീസിലെ സബ് രജിസ്ട്രാർ ശ്രീമതി. വിനയ ചന്ദ്രിക എസ്.വി. കൈക്കൂലി ആവശ്യപ്പെടുന്നു എന്ന രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ 25.03.2024 തീയതി വെള്ളറട സബ് രജിസ്ട്രാർ ഓഫീസിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തിയതിൽ ടി ഓഫീസിൽ നിന്നും കണക്കിൽപ്പെടാത്ത 1,450/- രൂപ കണ്ടെത്തിയതിനാലും മുൻപ് 15.11.2022 ൽ നടത്തിയ SC 40/2022/SIU-2 മിന്നൽ പരിശോധനയിലും തത്സമയം അമരവിള സബ് രജിസ്ട്രാർ ആയിരുന്ന മേൽ കുറ്റാരോപിതയുടെ ഓഫീസിൽ നിന്നും 1,000/- രൂപ അനധികൃതമായി കണ്ടെത്തിയതിന് വകുപ്പുതല അച്ചടക്ക നടപടിയ്ക്ക് ശിപാർശ ചെയ്തിരുന്നിട്ടും ടിയാൾ അഴിമതി പ്രവർത്തികൾ തുടർന്നു വരുന്നതിനാലും ടിയാളെ വടക്കൻ ജില്ലകളിലെ ഏതെങ്കിലും പൊതുജനസമ്പർക്കമില്ലാത്ത ഓഫീസിൽ നിയമിക്കുന്നതിനും അനധികൃതമായി തുക കണ്ടെത്തിയത് സംബന്ധിച്ച് ടിയാൾക്കെതിരെ അച്ചടക്ക നടപടിയും ശിപാർശ ചെയ്തു വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് ഡയറക്ടറുടെ ശിപാർശ സർക്കാർ അംഗീകരിക്കുകയും ടിയാളെ സ്ഥലം മാറ്റുന്നതിനായി പരാമർശം (2) പ്രകാരം നികുതി വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തു. കൂടാതെ, സബ് രജിസ്ട്രാർ ശ്രീമതി. വിനയചന്ദ്രികയ്ക്കെതിരെ കഠിനശിക്ഷയുള്ള അച്ചടക്ക നടപടി കൈക്കൊള്ളുവാൻ തീരുമാനിക്കുകയും അപ്രകാരം താഴെപ്പറയുന്ന കുറ്റം ചുമത്തി പരാമർശം (3) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും

ചെയ്തു.

2.സബ് രജിസ്ട്രാർ ശ്രീമതി ശ്രീമതി. വിനയചന്ദ്രികയ്ക്കെതിരെ കുറ്റങ്ങൾ

"താങ്കൾ, അമരവിള സബ് രജിസ്ട്രാർ ഓഫീസിൽ സബ് രജിസ്ട്രാർ ആയിരുന്നതും, 15.112022 തീയതിയിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി, തിരഞ്ഞെടുത്ത സബ് രജിസ്ട്രാർ ഓഫീസുകളിൽ നടത്തിയ 'ഓപ്പറേഷൻ പഞ്ച്കിരൺ ' എന്ന പേരിലുള്ള മിന്നൽ പരിശോധനയുമായി ബന്ധപ്പെട്ട് അമരവിള സബ് രജിസ്ട്രാർ ഓഫിസിൽ SC-40/2022/SIU-2 പ്രകാരം നടത്തിയ മിന്നൽ പരിശോധന സമയം താങ്കളായിരുന്നു ടി സബ് രജിസ്ട്രാർ ഓഫീസിലെ സബ് രജിസ്ട്രാറാറെന്നും, ടി അവസരത്തിൽ താങ്കളുടെ ചാർജ്ജുള്ള റിക്കാർഡ് റൂമിൽനിന്നും 1000 രൂപ അനധികൃതമായി കണ്ടെത്തിയിരുന്നതും, ആയതിൽ താങ്കളെ സ്ഥലംമാറ്റി വകുപ്പ് തല അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്തിരുന്നതും, തുടർന്ന് 21.08.2023 തീയതി മുതൽ താങ്കൾ തിരുവനന്തപുരം ജില്ലയിലെ വെള്ളറട സബ് രജിസ്ട്രാർ ഓഫീസിലെ സബ് രജിസ്ട്രാറായി ജോലിചെയ്തുവരവെ, താങ്കൾ വസ്തു രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾക്കായി ആധാരം എഴുത്തുകാരിൽനിന്നും, ഏജന്റമാരിൽനിന്നും നല്ലൊരു തുക കൈക്കൂലി ഇനത്തിൽ ചോദിച്ചു വാങ്ങുന്നതായുള്ള ആരോപണത്തിന്മേൽ രഹസ്യ വിവരശേഖരണം നടത്തി സമർപ്പിച്ച സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മിന്നൽപരിശോധന നടത്തി നിജസ്ഥിതി കണ്ടെത്തുന്നതിന് ഉത്തരവായതിനെത്തുടർന്ന് തിരുവനന്തപുരം, വികാസ് ഭവൻ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ ഫിൽഡ് ഓഫീസറായ ശ്രീ. നൗഷാദ് എ എന്ന ഔദ്യോഗിക സാക്ഷിയും തിരുവനന്തപുരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. അനിൽ കുമാർ എസ്. ഉം വിജിലൻസ് ടീമും 25.03.2024 തീയതി 15.45 മണിയോടുകൂടി താങ്കൾ ജോലിചെയ്യുന്ന തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലെ വെള്ളറട സബ് രജിസ്ട്രാർ ഓഫീസിൽ എത്തി പരിശോധന നടത്തിയതിൽ താങ്കളുടെ ടി ഓഫീസിലെ റിക്കാർഡ് റൂമിൽനിന്നും കണക്കിൽപെടാത്ത 1,450 രൂപ കണ്ടെത്തിയിട്ടുള്ളതും, ആയത് ഓഫീസ് മേലധികാരിയെന്ന നിലയിലും, റിക്കാർഡ് റൂമിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥയെന്ന നിലയിലും, വെള്ളറട സബ് രജിസ്ട്രാറായ താങ്കളുടെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയാണെന്നും, അച്ചടക്കലംഘനമാണെന്നും, കൃത്യവിലോപമാണെന്നും, രജിസ്ട്രേഷൻ വകുപ്പിന്റെ പൊതു സംവിധാനത്തെ സംബന്ധിച്ചുള്ള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ IGR/455/2018-RR9-ലെ 25(എ) നമ്പർ ഉത്തരവിന്റെ ലംഘനവുമാണെന്നും കണ്ടെത്തിയിട്ടുള്ളതാണ്. ആയതിൽവച്ച് സർക്കാർ ഉദ്യോഗസ്ഥയായ താങ്കൾ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് കൃത്യനിർവഹണത്തിൽ കറ്റകരമായ വീഴ്ച വരുത്തിയിട്ടുള്ളതായും, അതീവ ഗുരുതരമായ കൃത്യവിലോപം കാണിച്ചതായും ഉദാസീനമായി പ്രവർത്തിച്ചതായും കാണപ്പെടുന്നു. അങ്ങനെ താങ്കൾ പൊതുജന സേവക/സർക്കാർ ഉദ്യോഗസ്ഥ എന്ന നിലയിൽ തന്റെ ഔദ്യോഗിക പദവിക്ക് അവമതിപ്പ് വരുത്തിയിട്ടുള്ളതും, നിരുത്തരവാദപരമായും ന്യായവിരുദ്ധമായും പെരുമാറിയിട്ടുള്ളതുമാണെന്ന് പ്രഥമദൃഷ്ട്യാ കാണപ്പെടുന്നു. താങ്കളുടെ ഭാഗത്തുള്ള മേൽ പ്രവർത്തികൾ ഗുരുതരമായ കൃത്യവിലോപവും ക്രമക്കേടുമാണ് സൂചിപ്പിക്കുന്നത്. മേൽ പ്രവർത്തികൾ ഒരു സർക്കാർ ഉദ്യോഗസ്ഥക്ക് അനുചിതമായി കാണുന്നു. "

3. കുറ്റപത്രത്തിനെതിരെ കുറ്റാരോപിത സമർപ്പിച്ച എതിർവാദ പത്രിക പരാമർശം (4) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

4.കുറ്റാരോപിതയുടെ വിശദീകരണം

"ഓഫീസിലെ റിക്കോർഡ് റൂമിൽ നിന്നും വിജിലൻസ് 1,450/- രൂപ കണ്ടെടുത്തത് തന്റെ സാന്നിദ്ധ്യത്തിലല്ലെന്നും ഹെഡ് ക്ലർക്ക് ഉൾപ്പെടെ മറ്റു ജീവനക്കാരിരിക്കുന്ന റൂമിന്റെ തൊട്ടടുത്ത

*റൂമിൽ നിന്നാണെന്നും വാഷ് ബെയിസിൻ, വാഷ് റൂം എന്നിവയുള്ളതും ഉപയോഗശൂന്യമായ കസേര, മേശ മറ്റ് പാഴ് വസ്തുക്കൾ എന്നിവയും കൂട്ടി ഇട്ടിരിക്കുന്ന മുറിയാണെന്നും വാഷ് റൂമായി ഉപയോഗിക്കുന്നതുകൊണ്ട് എല്ലാ ജീവനക്കാരും ഈ മുറിയിൽ പ്രവേശിക്കാറുണ്ടെന്നും തന്റെ കാഴ്ച പരിധിക്കപ്പുറമുള്ള മുറിയായതിനാൽ നിരന്തരം ശ്രദ്ധിക്കാൻ കഴിയാറില്ലന്നും ആയതിനാൽ വിജിലൻസ് കണ്ടെത്തിയ 1,450/- രൂപയെ കുറിച്ച് തനിക്ക് യാതൊരു വിവരവുമില്ലെന്നും ആയതിനാൽ ടി തുക റിക്കോർഡ് റൂമിൽ നിന്നും കണ്ടെടുത്തെന്ന കുറ്റച്ചാർത്ത് മാപ്പാക്കിത്തരണമെന്നും കുറ്റാരോപിത അപേക്ഷിച്ചിരിക്കുന്നു. വിജിലൻസ് പരിശോധനാ ദിവസം ഓഫീസ് അറ്റൻഡന്റ് ശ്രീമതി. ആർച്ച എം. എസ്. അവധിയിലായിരുന്നെന്നും ടിയാളുടേയും മറ്റ് ജീവനക്കാരുടേയും ചില ദിവസങ്ങളിലെ അവധി അപേക്ഷ ജോലിത്തിരക്കിനിടയിൽ അനുവദിക്കാൻ വിട്ടുപോയിട്ടുള്ളതാണെന്നും ടി വീഴ്ച മാപ്പാക്കണമെന്നും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ നമ്പരിട്ട് ശരിയായി തന്നെയാണ് സൂക്ഷിച്ചു വരുന്നതെന്നും കുറ്റാരോപിത ബോധിപ്പിച്ചിട്ടുണ്ട്."*

5. കുറ്റാരോപിത തന്നെ നേരിൽ കേൾക്കണമെന്ന് ആവശ്യപ്പെട്ടത് പ്രകാരം 05/08/2025-ന് വിജിലൻസ് വകുപ്പ് അണ്ടർ സെക്രട്ടറി കുറ്റാരോപിതയെ നേരിൽ കേൾക്കുകയും, 1,450/- രൂപ വിജിലൻസ് സംഘം കണ്ടെത്തിയത് എന്റെ സാന്നിധ്യത്തിലല്ലെന്നും തുക കണ്ടെത്തിയ മുറി റെക്കോർഡ് റൂം അല്ല. അത് വാഷ് റൂം ആയി ഉപയോഗിക്കുന്നതും, ഉപയോഗശൂന്യമായ വസ്തുക്കൾ സൂക്ഷിക്കുന്നതുമായ മുറിയാണെന്നും ഈ മുറി എന്റെ കാഴ്ചപരിധിയ്ക്കും അപ്പുറത്തായതിനാൽ എനിക്ക് നിരന്തരം ശ്രദ്ധിക്കാൻ കഴിയില്ലെന്നും അതിനാൽ കണ്ടെടുത്ത തുക എങ്ങനെ അവിടെ വന്നുവെന്ന് എനിക്കറിയില്ലെന്നും ഞാൻ ആ മുറിയിൽ പണമൊന്നും സൂക്ഷിക്കാറില്ലെന്നുമുള്ള വാദം ഉന്നയിക്കുകയും ചെയ്തു.

6. കുറ്റാരോപിതയുടെ വാദഗതികളുടെ കൂടി അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. കണക്കിൽപ്പെടാത്ത പണം ഓഫീസിൽ നിന്നും കണ്ടെടുത്തതിൽ ഓഫീസ് മേധാവിയായ സബ് രജിസ്ട്രാർ ഉത്തരവാദിയാണ്. 15/11/2022-ൽ കുറ്റാരോപിത അമരവിള സബ് രജിസ്ട്രാർ ആയിരുന്നപ്പോൾ, വിജിലൻസ് നടത്തിയ പരിശോധനയിൽ 1,000/- രൂപ അനധികൃതമായി സൂക്ഷിച്ചത് കണ്ടെത്തിയിരുന്നു. ഈ കേസിൽ ആരംഭിച്ച അച്ചടക്ക നടപടി സെൻഷർ നൽകി തീർപ്പാക്കിയിരുന്നു. വാർഷിക സ്വത്ത് വിവരങ്ങൾ ഫയൽ ചെയ്യുന്നതിൽ ഈ കുറ്റാരോപിത മുൻപ് വീഴ്ച വരുത്തിയിട്ടുമുണ്ട്. ഇതിന് കുറ്റാരോപിതയ്ക്ക് താക്കീത് നൽകിയിട്ടുമുണ്ട്. എതിർവാദ പത്രികയിൽ പറയുന്ന കാര്യങ്ങൾ പരിശോധനാ സമയത്ത് വിജിലൻസ് സംഘത്തെ ബോധ്യപ്പെടുത്തിയിട്ടില്ലാത്തതതിനാൽ വിശദീകരണം അംഗീകരിക്കത്തക്കതല്ലായെന്നാണ് വകുപ്പ് മേധാവിയായ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പരാമർശം (4) പ്രകാരം അഭിപ്രായപ്പെട്ടിട്ടുള്ളത്. മേൽ വിവരിച്ച വസ്തുതകൾ കണക്കിലെടുക്കുമ്പോൾ, ഈ കേസിൽ കഠിനശിക്ഷയ്ക്കാരംഭിച്ച അച്ചടക്ക നടപടി തുടരുവാൻ മതിയായ കാരണങ്ങൾ ഉള്ളതായി ബോധ്യപ്പെടുന്നു.

7. മേൽ സാഹചര്യത്തിൽ വിജിലൻസ് അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി സബ് രജിസ്ട്രാർ ശ്രീമതി ശ്രീമതി. വിനയചന്ദ്രിക എസ്.വി.യ്ക്കെതിരെ ഔപചാരികാന്വേഷണം നടത്തുന്നതിന് കേരള സിവിൽ സർവീസസ് (വിജിലൻസ് ട്രിബ്യൂണൽ) റൂൾസ് 1960 പ്രകാരം തിരുവനന്തപുരം വിജിലൻസ് ട്രിബ്യൂണലിനെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

8. തിരുവനന്തപുരം വിജിലൻസ് ട്രൈബ്യൂണലിൽ സർക്കാരിന് വേണ്ടി കേസ് നടത്തുന്നതിനായി

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ബന്ധപ്പെട്ട പബ്ലിക് പ്രോസിക്യൂട്ടറിനെ ചുമതലപ്പെടുത്തുന്നു.

9. ടി കേസ് സംബന്ധിച്ച വസ്തുതകൾ വിജിലൻസ് ട്രൈബ്യൂണൽ മുമ്പാകെ കാര്യക്ഷമമായി അവതരിപ്പിക്കുന്നതിനുവേണ്ട സഹായങ്ങൾ പബ്ലിക് പ്രോസിക്യൂട്ടർക്ക് വിജിലൻസ് ഡയറക്ടർ/ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്യാം ടി കെ

ജോയിന്റ് സെക്രട്ടറി

1.വിജിലൻസ് ട്രൈബ്യൂണൽ, തിരുവനന്തപുരം *(ഇതോടൊപ്പം ചേർത്തിട്ടുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള രേഖകൾ സഹിതം. )*

2. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.

3. ശ്രീമതി. വിനയചന്ദ്രിക എസ്.വി., PEN:-377867 W/o പ്രകാശ്, ബെയ്റ്റൻ വീട്; പരണിയം ദേശം, പൂവാർ വില്ലേജ്; നെയ്യാറ്റിൻകര താലൂക്ക്, തിരുവനന്തപുരം.(രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽമുഖാന്തരം)

4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ,തിരുവനന്തപുരം.

5. ബന്ധപ്പെട്ട പബ്ലിക് പ്രോസിക്യൂട്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ.

6. നികുതി വകുപ്പ്

7. വെബ് & ന്യൂ-മീഡിയ

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Mini T R

Date: 23-12-2025 12:46:41

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ- യ്ക്ക്.